# കേരള സർവകലാശാല

# തിരുവനന്തപുരം- 34

അസിസ്റ്റന്റ് എഞ്ചിനീയരുടെ കാര്യാലയം

പാളയം, തിരുവനന്തപുരം

21/08/18

## പുനർലേലപ്പരസ്യം

കേരള സർവകലാശാല സെനറ്റ് ഹൗസ് ക്യാമ്പസ്സിൽ ഇപ്പോൾ മുറിച്ചിട്ടിരിക്കുന്ന തടി കഷണങ്ങളും ചുവട്ടിൽ ബാക്കി നിൽക്കുന്ന ഭാഗവും വിലക്കെടുത്ത നീക്കം ചെയ്യുന്നതിന് താല്പര്യമുള്ളവരിൽ നിന്നും മല്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു

പ്രസ്തുത ആവശ്യത്തിലേക്കു ഒരു പരസ്യ ലേലം **2018 സെപ്റ്റംബർ 4 ചൊവ്വാഴ്ച രാവിലെ 11 മണിക്ക്** പാളയം സെനറ്റ് ഹൗസ് ക്യാമ്പസ്സിലെ അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽ വച്ച് നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കാന് താൽപര്യംഉള്ളവര് പ്രസ്തുത സ്ഥലത്തും സമയത്തും തിരിച്ചറിയൽ രേഖയുടെ പകർപ്പുമായ് നേരിട്ട് ഹാജരാകേണ്ടതും **500 /- രൂപയുടെ നിരതദ്രവ്യം** കെട്ടി വച്ച ലേലത്തിൽ പങ്ക് കൊള്ളേണ്ടതുമാണ്.

പ്രസ്തുത മരങ്ങൾ വിലയ്ക്കെടുത്ത് നീക്കം ചെയ്യുന്നതിന് ക്വട്ടേഷൻ സമർപ്പിക്കാനാഗ്രഹിക്കുന്നവര് വെള്ള പേപ്പറില് തയ്യാറാക്കിയ ക്വട്ടേഷനുകളോടൊപ്പം തിരിച്ചറിയല് രേഖയുടെ പകർപ്പും ഏതെങ്കിലും അംഗീകൃത ബാങ്കിൽ നിന്നും അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ എടുത്ത **500/- രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ്** സഹിതം **2018 സെപ്റ്റംബർ 4 ചൊവ്വാഴ്ച രാവിലെ 11 മണിക്ക്** മുൻപ് അസിസ്റ്റന്റ് എഞ്ചിനീയർ, ഹെഡ്ക്വാർട്ടേർസ് സെക്ഷൻ, കേരള സർവകലാശാല. തിരുവനന്തപുരം എന്ന വിലാസത്തിൽ മുദ്ര വച്ച കവറിനുള്ളിൽ നേരിട്ടോ തപാലിലോ സമർപ്പിക്കേണ്ടതാണ്. അപൂർണ്ണമായതും നിരത ദ്രവ്യം അടക്കം ചെയ്യാത്തതുമായ ക്വട്ടേഷനുകൾ നിരുപാധികം നിരസിക്കുന്നതാണ്.

ക്വട്ടേഷനുകള് ലേല നടപടികൾക്ക് ശേഷം ഹാജരായവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കൂടിയ തുകയ്ക്ക് ലേലം/ക്വട്ടേഷൻ നല്കുന്നയാൾക്ക് രജിസ്ട്രാരുടെ അനുമതിക്ക് വിധേയമായി സ്ഥിരപ്പെടുത്തി നൽകുന്നതായിരിക്കും. ഒന്നും രണ്ടും സ്ഥാനക്കാരുടെത് ഒഴികെ ബാക്കിയുള്ളവരുടെ

നിരതദ്രവ്യം ലേലത്തിനു ശേഷം മാറ്റി നൽകുന്നതാണ്. ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ മുഴുവന് തുകയും നിയമാനുസരണമുള്ള എല്ലാ നികുതികളും ചേർത്ത് മൂന്നു പ്രവൃത്തി ദിവസങ്ങൾക്കുള്ളില് തുക സർവകലാശാല കാഷ് കൌണ്ടറിൽ അടയ്ക്കേണ്ടതും സാധന സാമഗ്രികള് സർവകലാശാല ഉദ്ധ്യോഗസ്ഥരുടെ മേൽനോട്ടത്തില് സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും നീക്കം ചെയ്യേണ്ടതുമാണ്. ലേലത്തിലും ക്വട്ടേഷനിലും പങ്കെടുക്കുന്ന ആളുകൾ സാധന സാമഗ്രികൾ മുൻകൂട്ടി പരിശോധിച്ച് ബോധ്യപെടെണ്ടാതാണ്. ലേലത്തിനു ശേഷം ഗുണനിലവാരം, അളവുകൾ എന്നിവ സംബന്ധിച്ച് യാതൊരു വിധ പരാതികളും സ്വീകരിക്കുന്നതല്ല.

ലേല സംബധമായി സംസ്ഥാനത്തും സർവകലാശാലയിലും നിലവിലുള്ള എല്ലാ നിയമങ്ങളും ഈ ലേലത്തിനു ബാധകമായിരിക്കും .

യാതൊരു കാരണവും കൂടാതെ ക്വട്ടെഷനുകള് നിരസിക്കുന്നതിനുള്ള അവകാശം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്ധ്യോഗസ്ഥര്നിൽ നിക്ഷിപ്തമായിരിക്കും.

തിരുവനന്തപുരം

അസിസ്റ്റന്റ് എഞ്ചിനീയര്